# കേരള സർക്കാർ

39516/ഇപിഎ3/2012/തസ്വഭവ

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്
തിരുവനന്തപുരം,തീയതി:15/06/2013

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ്- എൻഡോ സൾഫാൻ ദുരിതമനുഭവിക്കുന്നവർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തുന്ന നിയനങ്ങളിൽ മുൻഗണനയും ഉയർന്ന പ്രായപരിധിയിൽ ഇളവും നൽകുന്നത് -സംബന്ധിച്ച്.

സൂചന:- 1) സഉ(സാധാ) നമ്പർ 1827/2011/തൊഴിൽ തീയതി 12/12/2011.

2) എംപ്ലോയ്മെന്റ് ഡയറക്ടറുടെ 20/12/2011 ലെ ക്യൂ1/27955/2011/ഡിഇ നമ്പർ കത്ത്.

***********

കാസർഗോഡ് ജില്ലയിലെ എൻഡോ സൾഫാൻ ദുരിത ബാധിതർക്ക് മാത്രം സൂചനയിലെ ഉത്തരവിൻ പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തുന്ന സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള നിയമനങ്ങളിൽ മുൻഗണനയും ഉയർന്ന പ്രായപരിധിയിൽ 10 വർഷത്തെ ഇളവും അനുവദിച്ച സാഹചര്യത്തിൽ ഈ ആനുകൂല്യം ലഭിക്കുന്നതിനായി ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് അനുവദിക്കുന്ന അധികാരി ആര് എന്നത് സംബന്ധിച്ച് എംപ്ലോയ്മെന്റ് ഡയറക്ടർ സൂചന 2 പ്രകാരം സ്പഷ്ടീകരണം ആരായുകയുണ്ടായി.

ഈ സാഹചര്യത്തിൽ കാസർഗോഡ് ജില്ലയിൽ തയ്യാറാക്കിയിട്ടുള്ളതും തയ്യറാക്കി വരുന്നതുമായ എൻഡോസൾഫാൻ ദുരിത ബാധിതരുടെ പട്ടികയെ അടിസ്ഥാനപ്പെടുത്തി എൻഡോ സൾഫാൻ ദുരിത ബാധിതർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തുന്ന സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള നിയമനങ്ങളിൽ മുൻഗണനയും ഉയർന്ന പ്രായപരിധിയിൽ 10 വർഷത്തെ ഇളവും അനുവദിക്കുന്നതിന് പ്രത്യേകിച്ച് സാക്ഷ്യപത്രം അനുവദിക്കുന്നതിന് കാസർഗോഡ് ജില്ലയിലെ എൻഡോ സൾഫാൻ ദുരിത ബാധിത പഞ്ചായത്തുകളിലെ പഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തി നിർദ്ദേശം പുറപ്പെടുവിക്കുന്നു.

**എസ്.ഗോപകുമാർ**
**ഗവ.ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം.

എംപ്ലോയ്മെന്റ് ഡയറക്ടർ, തിരുവനന്തപുരം.

ആരോഗ്യ വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം.

ജില്ലാ കളക്ടർ, കാസർഗോഡ്.

ജില്ലാ മെഡിക്കൽ ഓഫീസർ, ആരോഗ്യം, കാസർഗോഡ്

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ , കാസർഗോഡ്.

സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കാസർഗോഡ്

കാസർഗോഡ് ജില്ലയിലെ എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ , കാസർഗോഡ് മുഖേന)

തൊഴിലും പുനരധിവാസവും വകുപ്പിന്

ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

പകർപ്പ്:

1. ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
3. ബഹു. തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
5. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
6. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്
7. എക്സിക്യൂട്ടീവ് ഡയറക്ടർ,ഐ.കെ.എം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)